## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 412** **10-02-2025 - ൽ മറുപടിയ്ക്ക്**

## കൊയിലാണ്ടി മണ്ഡലത്തിലെ കൊല്ലം റെയിൽ ഓവർ ബ്രിഡ്ജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ നിന്നും തുക വകയിരുത്തുകയും സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തെങ്കിലും കെ-റെയിൽ പദ്ധതിയിലെ അനിശ്ചിതത്വം മൂലം തുടർ നടപടികൾ സ്വീകരിക്കാതിരുന്ന കൊല്ലം - മേപ്പയൂർ റോഡിൽ കൊല്ലം റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ? | (എ) | കൊല്ലം മേപ്പയൂർ റോഡിൽ നെല്ലിയാടിക്കടവ് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിക്ക് 09.08.2020 ൽ 28.39 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. RBDCK യാണ് പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി. തുടക്കത്തിൽ കെ- റെയിൽ പദ്ധതി മൂലം ജി.എ.ഡി ക്ക് റെയിൽവേ അംഗീകാരം നൽകിയിരുന്നില്ല. എന്നാൽ പിന്നീട് റെയിൽവേ നിർദ്ദേശിച്ച മാറ്റങ്ങൾ വരുത്തി 05.10.2023 ൽ ജനറൽ അറേഞ്ച്മെൻറ് ഡ്രോയിംങ് റെയിൽവേയുടെ അംഗീകാരത്തിനായി RBDCK സമർപ്പിച്ചിട്ടുണ്ട്. റെയിൽവേയുടെ അംഗീകാരം ലഭിച്ച ശേഷം ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതാണെന്ന് RBDCK അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ